# പതിനഞ്ചാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

2024 ജൂൺ 12, ബുധൻ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി**

**വനം-വന്യജീവി വകുപ്പ് മന്ത്രി**

**ജലവിഭവ വകുപ്പ് മന്ത്രി**

**മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി**

**<u>പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവം ആവർത്തിക്കാതിരിക്കാൻ നടപടി</u>**

*61 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവം ഫിഷറീസ് വകുപ്പ് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പുഴയിലേക്ക് ഒഴുക്കിവിടുന്ന രാസമാലിന്യങ്ങൾ കാരണം മത്സ്യസമ്പത്ത് ഗണ്യമായി കുറയുകയും അതുമൂലം മത്സ്യമേഖലയെ ആശ്രയിച്ച് ജീവിക്കുന്ന നൂറു കണക്കിന് മത്സ്യത്തൊഴിലാളികളെ അത് പ്രതികൂലമായി ബാധിക്കുകയും ചെയ്യുമെന്നതു വസ്തുതയല്ലേ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത സംഭവത്തിൽ നഷ്ടം സംഭവിച്ചവർക്ക് അർഹമായ നഷ്ടപരിഹാരം നൽകാൻ നടപടികൾ വകുപ്പ് സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

**<u>ആദിവാസി സമൂഹം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി</u>**

*62 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി,

പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി സമൂഹത്തിന്റെ ഉന്നമനത്തിനായി വകുപ്പ് നടത്തിയ ഇടപെടലുകളും പദ്ധതികളും വിശദമാക്കാമോ;

(ബി) അട്ടപ്പാടിയിലെ ശിശുമരണവും അരിവാൾ രോഗിയായ ആദിവാസി യുവതി മരിച്ച സംഭവവും ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും ആദിവാസി മേഖലകളുടെ ഉന്നമനത്തിനായി പ്രത്യേക പാക്കേജ് നടപ്പാക്കാനും തയ്യാറാകുമോ; വിശദമാക്കാമോ?

<u>**ട്രോളിംഗ് നിരോധനം**</u>

*63 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ ജി എസ് ജയലാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം മത്സ്യത്തൊഴിലാളികളുടെ സഹകരണത്തോടെ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രതികൂല കാലാവസ്ഥയും കള്ളക്കടൽ പ്രതിഭാസവും മൂലം ഏറെക്കാലം മത്സ്യബന്ധനത്തിന് പോകാൻ കഴിയാതെ ബുദ്ധിമുട്ടിലായ മത്സ്യത്തൊഴിലാളികളെ ട്രോളിംഗ് നിരോധന കാലത്ത് സഹായിക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ട്രോളിംഗ് നിരോധനം എല്ലാ വിഭാഗം മത്സ്യബന്ധന യാനങ്ങൾക്കും ബാധകമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) അറബിക്കടലിൽ നിരന്തരം ഉണ്ടാകുന്ന പ്രതികൂല കാലാവസ്ഥ മൂലം തുടർച്ചയായി ഉണ്ടാകുന്ന മത്സ്യബന്ധന നിയന്ത്രണം പ്രതിസന്ധിയിലാക്കിയ മത്സ്യത്തൊഴിലാളികളുടെ വായ്പകളുടെ തിരിച്ചടവിന് ട്രോളിംഗ് നിരോധന കാലത്ത് മൊറട്ടോറിയം അനുവദിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

<u>**ഗോത്ര സമൂഹത്തിനായുള്ള വികസന പദ്ധതികൾ**</u>

*64 **ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. എ. രാജ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ ഏക ഗോത്ര വർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിൽ ഗതാഗതം, ആരോഗ്യം, വിദ്യാഭ്യാസം,

വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഇടമലക്കുടിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച റോഡ്, വൈദ്യുതി, ഇന്റർനെറ്റ് കണക്ഷൻ എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും പുരോഗതിയും വ്യക്തമാക്കുമോ;

(സി) വിവിധ വകുപ്പുകൾ യോജിച്ച് ഗോത്ര സമൂഹവുമായി ചേർന്ന് പ്രസ്തുത സമൂഹത്തിനായുള്ള വികസന പദ്ധതികൾ ശരിയായി നിർവ്വഹിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>**സ്വാഭാവിക വനം പദ്ധതി**</u>

*65 **ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാഭാവിക വനവൽക്കരണത്തിന്റെ ഭാഗമായി അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് തുടങ്ങിയ മരങ്ങൾ നീക്കം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് മരങ്ങൾക്ക് പകരം തദ്ദേശീയ മരങ്ങൾ വച്ചുപിടിപ്പിച്ചാൽ വന്യജീവി ശല്യത്തിന് പരിഹാരമാകുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ ഏതെല്ലാം ഭാഗങ്ങളിൽ സ്വാഭാവിക വനം പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ?

<u>**ഇ-ഗ്രാന്റ്സ്**</u>

*66 **ശ്രീമതി കെ. കെ. രമ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി - പട്ടികവർഗ്ഗ, ഒ.ഇ.സി. വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ്, ഹോസ്റ്റൽ ഫീസ് അടക്കമുള്ള ആനുകൂല്യങ്ങളുടെ വിതരണം കുടിശികയാണ് എന്നത് വസ്തുതയാണോ;

(ബി) സമയബന്ധിതമായി ഗ്രാന്റ് ലഭിക്കാത്തതിനാൽ പാവപ്പെട്ട നിരവധി വിദ്യാർത്ഥികൾക്ക് പഠനം ഉപേക്ഷിച്ചുപോകേണ്ട സാഹചര്യം ഉണ്ടാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ്, ഹോസ്റ്റൽ ഫീസ് അടക്കമുള്ള ആനുകൂല്യങ്ങൾ യുദ്ധകാല അടിസ്ഥാനത്തിൽ വിതരണം ചെയ്യാൻ നടപടികൾ

സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്**

*67 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനം അവസാനിപ്പിച്ച് സ്കൂളുകളിൽ നിന്നും കൊഴിഞ്ഞു പോകുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇപ്രകാരമുണ്ടാകുന്ന കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ;

(സി) ഈ കുട്ടികളെ തിരികെ സ്കൂളിലേക്ക് കൊണ്ടുവരുന്നതിനും ഇവർക്ക് പ്രത്യേക പരിഗണന നൽകുന്നതിനും എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) ആദിവാസി മേഖലയിലെ കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ട യാത്രാസൗകര്യങ്ങൾ ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന**

*68 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീമതി ദെലീമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മത്സ്യമേഖലയിൽ നടപ്പാക്കി വരുന്ന പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജനയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നാളിതുവരെ പ്രസ്തുത പദ്ധതി പ്രകാരം എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നും എന്തു തുക ലഭിച്ചിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കുമോ;

(സി) കേന്ദ്ര സർക്കാരിൽ നിന്നും മത്സ്യ മേഖലയ്ക്ക് മതിയായ വിഹിതം ലഭിക്കുന്നില്ല എന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**ജലജീവൻ പദ്ധതി**

*69 **ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലജീവൻ പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; പദ്ധതിയുടെ എത്ര ശതമാനം പ്രവൃത്തികൾ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി മുഖേന വിഭാവനം ചെയ്ത കുടിവെള്ള കണക്ഷനുകൾ എത്രയെന്നത് സംബന്ധിച്ച് ജില്ലതിരിച്ചുള്ള വിവരം ലഭ്യമാണോ;

(സി) പദ്ധതി പൂർത്തിയാക്കുന്നതിനായി നിലവിൽ അനുവദിച്ചിരിക്കുന്ന കാലാവധി എന്നുവരെയാണ്; പദ്ധതി പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) നിലവിൽ അനുവദിച്ചിരിക്കുന്ന കാലാവധിക്കുള്ളിൽ പദ്ധതികൾ പൂർത്തിയാക്കാൻ നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ?

## ട്രോളിംഗ് നിരോധന കാലയളവിലെ മത്സ്യബന്ധനം

*70 **ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാളികൾക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) ട്രോളിംഗ് നിരോധന കാലയളവിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളും ട്രോളർ തൊഴിലാളികളും തമ്മിൽ സംഘർഷം ഉണ്ടാകാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(സി) ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യങ്ങളുടെ പ്രജനന വർദ്ധനവിനായി സൂക്ഷ്മതലത്തിൽ എന്തെല്ലാം നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന നിർമ്മാണം

*71 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് നിർമ്മിക്കുന്ന പ്രവൃത്തി ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയശേഷം നിർമ്മാണം മന്ദഗതിയിലായതായി പറയപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ;

(ബി) നിർമ്മാണ സാമഗ്രികളുടെ വില ക്രമാതീതമായി വർധിച്ചതും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ താമസിക്കുന്ന ഉൾപ്രദേശങ്ങളിൽ നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിനുള്ള ചെലവ് കൂടുതലായതും കാരണം പ്രസ്തുത വിഭാഗങ്ങൾക്ക് വീട്

നിർമ്മിക്കുന്നതിനായി ചെലവാകുന്ന തുക മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കൂടുതലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇക്കാരണത്താൽ ഭവനരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടുവയ്ക്കാനുള്ള പദ്ധതി പ്രകാരം അനുവദിച്ച വീടുകളുടെ നിർമ്മാണം ഭൂരിഭാഗവും പാതിവഴിയിൽ നിലച്ച സ്ഥിതിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് വയ്ക്കാനായി അനുവദിക്കുന്ന തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

## വന്യജീവി ആക്രമണം വർദ്ധിക്കാതിരിക്കാൻ നടപടി

*72 **ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. എം. എം. മണി**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ മനുഷ്യർക്ക് നേരെ നടത്തുന്ന ആക്രമണവും കൃഷിനാശവും വർദ്ധിക്കാതിരിക്കുന്നതിന് ഫലപ്രദമായ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വന്യജീവി സങ്കേതങ്ങൾ ഉൾപ്പെടെയുള്ള സ്വാഭാവിക വനങ്ങൾ സംരക്ഷിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) വന്യമൃഗ ആവാസ കേന്ദ്രങ്ങളായ സാങ്ച്വറികളും പാർക്കുകളും സംരക്ഷിക്കുന്നതിനും വന്യമൃഗങ്ങൾ ജനവാസ മേഖലയിലേയ്ക്ക് ഇറങ്ങാതിരിക്കുന്നതിനും നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

## ആദിവാസി മേഖലയിലെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

*73 **ശ്രീ. മാണി. സി. കാപ്പൻ**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിൽ താമസിക്കുന്നവരുടെ അടിയന്തര ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ;

(ബി) മഴക്കാലത്ത് പ്രസ്തുത മേഖലയിൽ പടർന്നുപിടിക്കുന്ന രോഗങ്ങൾക്ക് യഥാസമയം ചികിത്സ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത മേഖലയിൽ മഴക്കാലത്തോടനുബന്ധിച്ച് സൗജന്യ ഭക്ഷണവിതരണം നടത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ?

## മുതലപ്പൊഴിയിൽ അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ

*74 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്ത് ബോട്ടുകൾ അപകടത്തിൽപ്പെട്ട് മത്സ്യത്തൊഴിലാളികൾക്ക് ജീവൻ നഷ്ടപ്പെടുന്ന സംഭവങ്ങൾ തുടരെയുണ്ടാകുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) ഇപ്രകാരം നിരവധി മരണങ്ങൾ സംഭവിച്ചിട്ടും സർക്കാർ കാര്യക്ഷമമായി ഇടപെടൽ നടത്താത്തതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത തുറമുഖത്ത് അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

## ഡിജിറ്റൽ പ്ലാറ്റ്ഫോമിലെ വിവര ശേഖരണത്തിന് ഹോം സർവേ

*75 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സങ്കേതങ്ങളുടെയും കുടുംബങ്ങളുടെയും വ്യക്തികളുടെയും സാമൂഹികവും സാമ്പത്തികവുമായ അവസ്ഥയെക്കുറിച്ച് ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ സമഗ്രമായ വിവരശേഖരണം നടത്തുന്നതിനുള്ള ഹോം സർവേയെക്കുറിച്ച് വിശദമാക്കാമോ;

(ബി) സർവേയുടെ പ്രവർത്തനങ്ങളും അതിന്റെ ഗുണമേന്മയും നിരീക്ഷിക്കുവാൻ സംസ്ഥാന-ജില്ലാ തലങ്ങളിൽ പ്രത്യേക നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പാർശ്വവൽകൃത ജനവിഭാഗത്തിന്റെ വികസനം പൂർണ്ണമാക്കുന്നതിനും മറ്റ് ജനവിഭാഗങ്ങൾക്കൊപ്പം സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തുന്നതിനും വികസന പ്രക്രിയയിൽ പട്ടികജാതി ജനസമൂഹത്തെ എത്തിക്കുന്നതിനും ഹോം സർവേ വഴി സാധിക്കുമോ എന്നു വ്യക്തമാക്കുമോ?

## വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് ചികിത്സാ ധനസഹായം

*76 **ശ്രീ. എ. രാജ**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ സി കെ ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് ചികിത്സാ ചെലവ്

അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ ആക്രമണത്തിന് ഇരയായവർക്ക് സഹായം ലഭ്യമാകുന്നതിന് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വ്യവസ്ഥകൾ ലഘൂകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ വന്ന ശേഷം ഈയിനത്തിൽ വിതരണം ചെയ്ത നഷ്ടപരിഹാരത്തുകയെക്കുറിച്ചുള്ള വിവരം അറിയിക്കുമോ?

## കോസ്റ്റൽ പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

*77 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കപ്പൽച്ചാൽ ലംഘിച്ച് സഞ്ചാരം നടത്തുന്ന കപ്പലുകൾ മത്സ്യബന്ധന ബോട്ടുകളുമായി കൂട്ടിയിടിച്ച് അപകടങ്ങൾ ഉണ്ടാകുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഒരുക്കുന്നതിന് ഇരുപത്തിനാല് മണിക്കൂർ നിരീക്ഷണവും പട്രോളിങ്ങും ഏർപ്പെടുത്താൻ കോസ്റ്റ് ഗാർഡിനും നാവിക സേനയ്ക്കും നിർദ്ദേശം നൽകാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; വ്യക്തമാക്കാമോ;

(സി) കോസ്റ്റൽ പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുമോ;?

## യുവജനങ്ങളുടെ കർമ്മശേഷി പരിസ്ഥിതി സംരക്ഷണത്തിന് പ്രയോജനപ്പെടുത്താൻ നടപടി

*78 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും സൃഷ്ടിക്കുന്ന പ്രകൃതി പ്രതിഭാസങ്ങൾ സാധാരണ ജനങ്ങൾക്ക് ഉണ്ടാക്കുന്ന പ്രതിസന്ധികളിൽ സഹായഹസ്തമാകുന്നതിന് യുവജനങ്ങളെ പ്രാപ്തരാക്കുന്നതിന് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ;

(ബി) ഇത്തരം പ്രതിസന്ധികളിൽ സാധാരണ ജനങ്ങൾക്ക് കൈത്താങ്ങായി പ്രവർത്തിച്ച യുവജനങ്ങളുടെ ബൗദ്ധികശേഷിയും കായിക ശേഷിയും സംസ്ഥാനത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ ഗ്രാമപഞ്ചായത്ത് കേന്ദ്രീകരിച്ചും യൂത്ത് ബ്രിഗേഡുകളുടെ പ്രവർത്തനങ്ങളിൽ പാരിസ്ഥിതിക സംരക്ഷണം ഒരു പ്രധാന പ്രവർത്തനമായി ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കാലാവസ്ഥാവ്യതിയാനം മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്ന കാലികമായ പ്രതിസന്ധികളെ ഗൗരവതരമായി നേരിടുന്നതിന് വനിതകളുടെ പ്രാതിനിധ്യവും കർമ്മശേഷിയും കൂടുതലായി വിനിയോഗിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

**<u>വനമേഖലയിലെ ആദിവാസി ഇതര കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി</u>**

*79 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. പി. വി. അൻവർ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ ഉണ്ടാകാനിടയുള്ള വനമേഖലകളിലും അതിർത്തികളിലും താമസിക്കുന്ന ആദിവാസി ഇതര സമൂഹങ്ങളിൽപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ തയ്യാറാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ മുഖേന എത്ര കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പുനരധിവസിപ്പിക്കപ്പെട്ടവരുടെ തൊഴിൽ പരിശീലനത്തിനായി പ്രത്യേക പദ്ധതികളുണ്ടോ; വിശദമാക്കാമോ;

(ഡി) പുനരധിവസിപ്പിക്കപ്പെട്ട ശേഷം സർക്കാരിലേക്ക് നിക്ഷിപ്തമായ ഭൂമിയുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

**<u>പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസം</u>**

*80 **ശ്രീ വി ജോയി**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ശാക്തീകരിക്കുന്നതിനായി വിദ്യാഭ്യാസ മേഖലയിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് സ്ഥിര താമസക്കാരായ പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിലെ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ പഠിക്കുന്നതിന് ആനുകൂല്യം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ലോകത്തെ എല്ലാ വിദ്യാഭ്യാസ സമ്പ്രദായങ്ങളും അവസരങ്ങളും പട്ടികജാതി - പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വിദ്യാർത്ഥികൾക്കും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കടലാക്രമണ ഭീഷണി നേരിടുന്ന ഹോട്ട്സ്പോട്ടുകൾ

*81 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്ന ഹോട്ട്സ്പോട്ടുകൾ തിരിച്ചറിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരം ഹോട്ട്സ്പോട്ടുകളിൽ എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ച് വരുന്നത്; വ്യക്തമാക്കുമോ;

(സി) കടലാക്രമണ ഭീഷണിയുള്ള സ്ഥലങ്ങളിൽ അത് നേരിടുന്നതിന് ഹ്രസ്വകാലാടിസ്ഥാനത്തിൽ സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കാമോ;

(ഡി) ഇവയുടെ ഫലപ്രാപ്തി വിലയിരുത്തിയിട്ടുണ്ടോ; സുസ്ഥിരവും നൂതനവുമായ എന്തെല്ലാം പരിഹാര മാർഗങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

## ദേവസ്വങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

*82 **ശ്രീ. വാഴൂർ സോമൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവസ്വങ്ങളുടെയും ദേവസ്വം ക്ഷേത്രങ്ങളുടെയും പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ശബരിമല ഉൾപ്പെടെയുള്ള ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ ജീവനക്കാർ ഭക്തജനങ്ങളോട് സംയമനമില്ലാതെ പെരുമാറുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) ക്ഷേത്ര ജീവനക്കാർ പാലിക്കേണ്ട ക്ഷേത്രാചാരങ്ങളെ സംബന്ധിച്ചും ക്ഷേത്രത്തിൽ ലഭിക്കുന്ന വിലപിടിപ്പുള്ള വസ്തുക്കൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ചും ക്ഷേത്ര ജീവനക്കാർക്ക് പരിശീലനം നൽകേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ക്ഷേത്ര സംബന്ധമായ പ്രവർത്തനങ്ങൾ സംബന്ധിച്ചും ഓഫീസ് നടപടിക്രമങ്ങളെ സംബന്ധിച്ചും തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്ര ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ക്ഷേത്രങ്ങളുടെ ജീർണോദ്ധാരണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതോടൊപ്പം ഭരണനിർവ്വഹണം കാര്യക്ഷമമാക്കി ക്ഷേത്രങ്ങളിലെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ?

## മഴവെള്ള സംഭരണം

*83 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ എം മുകേഷ്**
**ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്കവും മഴക്കെടുതിയും ആവർത്തിച്ചുണ്ടാകുന്ന സാഹചര്യത്തിൽ ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) മഴവെള്ളം കഴിയാവുന്നത്ര സ്ഥലങ്ങളിൽ സംഭരിക്കുന്നതിന് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ടോ; ഇതിനായി പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(സി) കുളങ്ങളും ജലസ്രോതസ്സുകളും മലിനമാകാതിരിക്കുന്നതിന് മറ്റു വകുപ്പുകളുമായി യോജിച്ച് പദ്ധതികളും പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

## <u>എ.ബി.സി.ഡി. പ്രോജക്ട്</u>

*84 **ശ്രീ എം രാജഗോപാലൻ**
**ശ്രീ. പി. വി. അൻവർ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീമതി ഒ എസ് അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ആവശ്യമായ അടിസ്ഥാന രേഖകൾ ലഭ്യമാക്കുന്നതിനും അവ സുരക്ഷിതമായി ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനും നടപ്പിലാക്കിയ എ.ബി.സി.ഡി. പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ലക്ഷ്യങ്ങൾ എത്രത്തോളം നേടിയെടുക്കുവാൻ സാധ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഏതൊക്കെ ജില്ലകളിൽ പ്രസ്തുത പദ്ധതി പൂർത്തിയായിട്ടുണ്ട്; എല്ലാ ജില്ലകളിലും ഈ പദ്ധതി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

## <u>സാഫിന്റെ കീഴിലുള്ള സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ</u>

*85 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ. ആൻസലൻ**
**ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവുമൺ (സാഫ്)-ന്റെ കീഴിൽ നിലവിൽ എത്ര സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ വിജയകരമായി പ്രവർത്തിച്ചു വരുന്നു എന്നതിനെ

സംബന്ധിച്ചുള്ള കണക്കു ലഭ്യമാണോ; വിശദമാക്കാമോ;

(ബി) 2006 മുതൽ നാളിതുവരെ എത്ര സൂക്ഷ്മ തൊഴിൽ സംരംഭ യൂണിറ്റുകളാണ് സാഫിന്റെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ളത്; അവയിൽ എത്രയെണ്ണം സുസ്ഥിരത ഉറപ്പാക്കി പ്രവർത്തിച്ചുവരുന്നു; വെളിപ്പെടുത്തുമോ;

(സി) ഒരു കുടുംബം ഒരു സംരംഭം എന്ന രൂപത്തിൽ പദ്ധതികൾ നടപ്പാക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കാമോ?

**<u>ദേവസ്വം ബോർഡുകളുടെ പ്രവർത്തനം</u>**

*86 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ നിർവ്വഹണം കാര്യക്ഷമമാക്കി ക്ഷേത്രങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് ദേവസ്വം ബോർഡുകൾ ചെയ്ത് വരുന്നതെന്ന് വിശദമാക്കാമോ;

(ബി) വഴിപാടിതര വരുമാനം വർദ്ധിപ്പിക്കുവാൻ ബോർഡുകൾക്കായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ആരാധനയ്ക്ക് ഒപ്പം ആതുര സേവനവും ഉറപ്പാക്കാൻ വിവിധ ദേവസ്വം ബോർഡുകൾ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

**<u>ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരണം</u>**

*87 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് പ്രസ്തുത കൗൺസിൽ മുൻഗണന നൽകുന്നത്; വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ എന്നത്തേക്ക് രൂപീകൃതമാകുമെന്നും ഇതിന്റെ ഫലപ്രാപ്തിക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്യുന്നതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഇന്നവേഷൻ കൗൺസിൽ നിലവിൽ വരുന്നതിലൂടെ മത്സ്യക്കയറ്റുമതിയിലും മൂല്യവർദ്ധനവിലും എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം</u>**

*88 **ശ്രീ എം നൗഷാദ്**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**

**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിനായി എത്ര ബോട്ടുകളാണ് അനുവദിച്ചിട്ടുള്ളത്; അവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇത്തരം ബോട്ടുകളുടെ പ്രവർത്തനം സംബന്ധിച്ച് മത്സ്യത്തൊഴിലാളികളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിൽ കൂടുതൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>ആവാസവ്യവസ്ഥയ്ക്ക് അനുയോജ്യമായ വന പുനഃസ്ഥാപന പദ്ധതി</u>

*89 **ശ്രീ പി എസ് സുപാൽ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന പുനഃസ്ഥാപന പ്രവർത്തനങ്ങളുടെ ഭാഗമായി വൃക്ഷ ഇനങ്ങളെ തിരഞ്ഞെടുക്കുന്ന അവസരത്തിൽ പശ്ചിമഘട്ടത്തിന്റെ തനത് ആവാസവ്യവസ്ഥയ്ക്ക് അനുയോജ്യമായവ തിരഞ്ഞെടുക്കേണ്ട സാഹചര്യം പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) മഴക്കാടുകളെപ്പോലും ഊഷരഭൂമിയാക്കി നശിപ്പിക്കുന്ന യൂക്കാലി മരങ്ങൾ വനത്തിനുള്ളിൽ വീണ്ടും നട്ടു പിടിപ്പിക്കുന്നതിന് കെ.എസ്.എഫ്.ഡി.സി. ശ്രമിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) 2021-ലെ വന നയത്തിന് വിരുദ്ധമായി യൂക്കാലി മരങ്ങൾ വനത്തിനുള്ളിൽ നട്ടുപിടിപ്പിക്കുന്നതിന് കെ.എസ്.എഫ്.ഡി.സി. തീരുമാനിച്ച സാഹചര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) വന്യമൃഗങ്ങൾക്ക് ജലത്തിന്റെയും ഭക്ഷണത്തിന്റെയും ലഭ്യത ഉറപ്പാക്കുന്ന തരത്തിലുള്ള വൃക്ഷയിനങ്ങൾ നട്ടു പിടിപ്പിക്കുന്നതിനുള്ള പദ്ധതികളുടെ പുരോഗതി വിശദീകരിക്കുമോ?

## <u>കേരള വാട്ടർ അതോറിറ്റിയുടെ വരുമാന നഷ്ടം</u>

*90 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈപ്പ് കണക്ഷനുകളിലെ ചോർച്ച, മീറ്റർ തകരാർ, മോഷണം എന്നിവ മൂലം

പ്രതിദിന വിതരണത്തിനായി തയ്യാറാക്കുന്ന വെള്ളത്തിന്റെ എത്ര ശതമാനമാണ് കണക്കിൽപ്പെടാതെ നഷ്ടപ്പെടുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതു മൂലം പ്രതിവർഷം വാട്ടർ അതോറിറ്റിക്ക് ഉണ്ടാകുന്ന വരുമാന നഷ്ടം എത്രയാണെന്ന് അറിയിക്കുമോ;

(സി) കേരള വാട്ടർ അതോറിറ്റിയിൽ ഭൗതിക നഷ്ടവും വാണിജ്യ നഷ്ടവും വേർതിരിച്ച് നിർണ്ണയിക്കുന്നതിനുള്ള എന്ത് സംവിധാനമാണ് നിലവിലുള്ളത്; വിശദാംശം നൽകാമോ;

(ഡി) കേരള വാട്ടർ അതോറിറ്റി നിലവിൽ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2024 ജൂൺ 5, ബുധൻ

ഷാജി സി. ബേബി,
സെക്രട്ടറി ഇൻ ചാർജ്

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].